**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.ടി. വ്യവസായ വികസനത്തിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കോവിഡ് കാലത്ത് പോലും പ്രമുഖ കമ്പനികൾ ഉൾപ്പെടെയുള്ളവയെ സംസ്ഥാനത്തേക്ക് ആകർഷിച്ച് കുതിപ്പ് നേടാനായോ; | (എ) | സർക്കാർ ഐ.ടി. പാർക്കുകളിൽ സൃഷ്ടിച്ച അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും വികസനപ്രവർത്തനങ്ങളുടെയും ഫലമായി ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള പ്രമുഖ ഐ.ടി. കമ്പനികളേയും സംരംഭകരേയും സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി ഐ.ടി. മേഖലയിൽ വൻതോതിലുള്ള കുതിപ്പ് നേടുവാനും സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്.<br><br>കോവിഡ് മഹാമാരിയുണ്ടാക്കിയ പ്രതിസന്ധികൾക്കിടയിലും സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവും മറ്റു ആനുകൂല്യങ്ങളും സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമാവുകയും അവയെ നിലനിർത്തുന്നതിനും സഹായകമായി. ഈ നടപടി ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് പാർക്കിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാവുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.<br><br>**കോവിഡ് കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 41, കൊച്ചി ഇൻഫോപാർക്കിൽ 100, കോഴിക്കോട് സൈബർപാർക്കിൽ 40 എന്നിങ്ങനെ ആകെ 181 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. ഈ കാലയളവിൽ ടെക്നോപാർക്കിൽ 1700, ഇൻഫോപാർക്കിൽ 8000, സൈബർപാർക്കിൽ 700 എന്നിങ്ങനെ ഏകദേശം** |

| | | | |
|---|---|---|---|
| | | | **10400 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുമുണ്ടായി.** |
| (ബി) | നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി കൂട്ടിച്ചേർക്കാനായ ഐ.ടി. സ്പേസ് എത്രയാണ്; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ടെക്നോപാർക്കിൽ 20.9 ലക്ഷം ച.അടിയും, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടിയുൾപ്പെടെ മൊത്തം 46.4 ലക്ഷം ച.അടി ഐ.ടി. സ്പെയിസുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യവസായത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ വ്യവസായ വിപുലീകരണത്തിന് ഐ.ടി. ഇടനാഴികൾ സൃഷ്ടിക്കാനായുള്ള പദ്ധതിയ്ക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | 4-വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായ നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേക്ക് എറണാകുളത്ത് നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.<br><br>ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ വരെ ഭൂമി വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ